**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4-പ്രകാരം തടസ്സപ്പെടുത്തിയ 1,75,000/-രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.2211/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 22/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 21/11/2015-ലെ എം3-37333/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1703/2016-ലെ കെ.എസ്.എ 15822/പിറ്റി2/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അഞ്ച് പട്ടികജാതി സങ്കേതങ്ങളിൽ കിണർ നിർമ്മിച്ച് നൽകിയ പദ്ധതിയ്ക്ക് ചെലവായ 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപ ചെലവഴിച്ച പഞ്ചായത്ത് നടപടി ആഡിറ്റ് തടസ്സപ്പെടുത്തുകയും ടി തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ആഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിരുന്നു.

പട്ടികജാതി സങ്കേതങ്ങളിൽ നില നിൽക്കുന്ന രൂക്ഷമായ കടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തതെന്നും പഞ്ചായത്തിന്റെ അധീനതയിലുള്ള സങ്കേതങ്ങളിൽ പൊതുസ്ഥലം ലഭ്യമല്ലാത്തതിനാലാണ് സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് കിണർ നിർമ്മിച്ചതെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 08/07/2015- ലെ 7(3) നമ്പർ തീരുമാനം, ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ജില്ലാതല മോണിറ്ററിംഗ് സമിതി ശുപാർശ, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്എന്നിവ സഹിതം ആയതിന് സർക്കാർ സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പട്ടികജാതി സങ്കേതങ്ങളിൽ നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന 08/07/2015- ലെ 7(3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, 29/09/2015-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം നമ്പർ (9), നിർവ്വഹണസമിതി ഉദ്യോഗസ്ഥന്റെ മറുപടി, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചിലവ് ചെയ്ത പ്രസ്തുത തുക ക്രമീകരിക്കുന്ന വിഷയത്തിലും സാധൂകരണം നൽകുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് കൈക്കൊണ്ടിട്ടുള്ള ഒരു സാമൂദായിക പദ്ധതിയാണ് ഇത്. അല്ലാതെ ഒരു വ്യക്തിക്കോ, വ്യക്തികൾക്കോ ഊന്നൽകൊടുത്തു കൊണ്ടുള്ള ഒരു ഇനമല്ല. ഇത് ഓഡിറ്റിന് കൃത്യമായ രീതിയിൽ വിശദീകരിക്കാൻ പഞ്ചായത്തിന് കഴിയാത്തതിനാലാണ് ആഡിറ്റിൽ തടസ്സപ്പെടുത്തിയത്.ആയതിനാൽ തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചിലവഴിച്ച 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയ്ക്ക് ഓഡിറ്റ് തടസ്സം സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, നാട്ടിക ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ